# 'സുഗന്ധവഴി' തുറക്കുന്നു, മുസിരിസിലൂടെ

കൊടുങ്ങല്ലൂർ: കുരുമുളകിന്റെ എരിവും ഏലത്തിന്റെയും ഗ്രാമ്പുവിന്റെയും രുചിയും തേടി വാണിജ്യനൗകകൾ എത്തിയ 'സുഗന്ധവഴി'(സ്പൈസ് റൂട്ട്) വീണ്ടും തെളിയുന്നു. ഇതിലേക്കുള്ള ആദ്യ ചുവടുവെപ്പാണ് രാഷ്ട്രപതി പ്രണബ് മുഖർജി ശനിയാഴ്ച രാജ്യത്തിന് സമർപ്പിച്ച മുസിരിസ് പൈതൃക പദ്ധതി. കരയിലൂടെയുള്ള 'പട്ടുപാത' (സിൽക്ക് റൂട്ട്) പോലെ കടലിലൂടെ വിവിധ രാജ്യങ്ങളെ കൂട്ടിയിണക്കിയുള്ള വ്യാപാര പാതയാണ് 'സുഗന്ധവഴി'. ഈ വഴികളിലൂടെ ചരിത്രത്തെ തൊട്ടറിഞ്ഞുകൊണ്ടുള്ള ഒരു യാത്രയാണ് 'സുഗന്ധവഴി'യിലൂടെ ലക്ഷ്യമിടുന്നത്.

മുസിരിസ് പൈതൃക പദ്ധതിക്ക് പുറമെ തലശ്ശേരി, ഫോർട്ട് കൊച്ചി പൈതൃക സർക്യൂട്ടുകളും ഉൾപ്പെടുന്നതാണ് സുഗന്ധവഴിയിലെ രാജ്യത്തെ കണ്ണികൾ. ഇതിൽ മുസിരിസ് പൈതൃക പദ്ധതിയാണ് ഏറെ മുന്നോട്ടുപോയത്. 94 കോടി രൂപ ചെലവഴിച്ചാണ് ഒന്നാം ഘട്ടം പൂർത്തിയാക്കിയത്. ഫോർട്ട് കൊച്ചിയിൽ 12 കോടിയോളം രൂപയുടെ പ്രവർത്തനങ്ങൾ നടന്നു. തലശ്ശേരി പൈതൃക സർക്യൂട്ടിന്റെ പ്രാരംഭ ജോലികൾ മാത്രമാണ് നടന്നിട്ടുള്ളത്.




കേരളത്തെ വിവിധ രാജ്യങ്ങളുമായി ബന്ധിപ്പിക്കുന്ന 'സുഗന്ധവഴി'

കേരളത്തിലെ തുറമുഖ നഗരങ്ങൾക്ക് 41 രാജ്യങ്ങളുമായി വാണിജ്യബന്ധമുണ്ടായിരുന്നുവെന്നാണ് ചരിത്രകാരന്മാർ പറയുന്നത്. 31 രാജ്യങ്ങളുമായുള്ള ബന്ധം വ്യക്തമായ തെളിവുകളോടെ ഉറപ്പിക്കാനായിട്ടുണ്ട്. പോർച്ചുഗീസുകാരും ഡച്ചുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും എത്തുന്നതിന് മുമ്പ് റോം, ഗ്രീസ്, ഫിനീഷ്യ, അറേബ്യ തുടങ്ങിയ നാടുകളുമായെല്ലാം വ്യാപാരബന്ധമുണ്ടായിരുന്നു.

'സുഗന്ധവഴി'ക്ക് യുനെസ്കോയുടെ അംഗീകാരം നേടിയെടുക്കാൻ 2014 ആഗസ്റ്റ് ഒന്നിന് ധാരണാപത്രം ഒപ്പിട്ടുണ്ട്. പരിശോധനകളും വിലയിരുത്തലുകളുമെല്ലാം കഴിഞ്ഞ് പൈതൃക പട്ടികയിലിടം പിടിക്കാൻ കുറഞ്ഞത് അഞ്ചുവർഷമെങ്കിലുമെടുക്കും. അംഗീകാരം ലഭിച്ചാൽ വിനോദസഞ്ചാര മേഖലയിൽ 'സുഗന്ധ വഴി'യുടെ വിപണനത്തിന് യുനെസ്കോയുടെ സഹായം ലഭിക്കും. ഇതോടെ അന്താരാഷ്ട്ര ടൂറിസം മാപ്പിൽ പദ്ധതിക്ക് സ്ഥാനമാകും.

'പട്ടുപാത' കരവഴിയായതിനാൽ വഴി വളരെ വ്യക്തമാണ്. എന്നാൽ 'സുഗന്ധവഴി' കടലിലൂടെയായതിനാൽ വഴികൾ തെളിച്ചെടുക്കുക അത്ര എളുപ്പമല്ലെന്ന് മുസിരിസ് സ്പെഷൽ ഓഫീസർ കെ.എസ്. ഷൈൻ പറഞ്ഞു. പൗരാണിക തുറമുഖ നഗരങ്ങളുടെ ഉത്ഖനനവും മറ്റും വഴിയാണ് ഇത് സാധിച്ചെടുക്കുന്നത്. 'സുഗന്ധവഴി'യിലേക്കുള്ള വഴികാട്ടിയായി ടൂറിസം വകുപ്പ് തയ്യാറാക്കിയ കോഫി ടേബിൾ ബുക്ക് 'കേരള ആൻഡ് ദി സ്പൈസ് റൂട്ട്സ്' രാഷ്ട്രപതി പ്രകാശനം ചെയ്തു.